**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 2243

6.10.2016-ൽ മറുപടിക്ക്

## വിളപ്പിൽശാല പോളിടെക്നിക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ഐ.ബി. സതീഷ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ ശാല പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ള പോളി ടെക്നിക്കിന്റെ നിലവിലുള്ള സ്ഥിതി വിശദീകരിയ്ക്കാമോ ; ക്ലാസുകൾ എന്ന് ആരംഭിയ്ക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) കാട്ടാക്കട മണ്ഡലത്തിലെ വിളപ്പിൽ ശാല പഞ്ചായത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സർക്കാർ പോളിടെക്നിക്ക് കോളേജിനായി വിളപ്പിൽ വില്ലേജ് വക സർവ്വേ നമ്പർ 227,228-ൽപ്പെട്ട 6.77 ഏക്കർ ഭൂമി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. എന്നാൽ ടി വസ്തുവിൽ അടുത്തിടെയുണ്ടായ അനധികൃത കയ്യേറ്റം ഒഴിപ്പിക്കൽ വിഷയവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസ് തീർപ്പാക്കിയാൽ മാത്രമേ നിർദ്ദിഷ്ട പോളിടെക്നിക്കിന്റെ ഭൂമി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറാൻ കഴിയുകയുള്ളൂ.<br><br>ക്ലാസ്സുകൾ ആരംഭിക്കുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്നുള്ള എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. ആയത് ലഭിച്ചതിനു ശേഷം മാത്രമേ ക്ലാസ്സുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ടുള്ള വ്യക്തമായ വിവരങ്ങൾ നൽകുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ